بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 14-02-2025 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## തിരുനബി(സ)ചരിത്രം-ഖൈബർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. الرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّالِّيْنَ.

اَلَّذِيْنَ يُنْفِقُوْنَ أَمْوَالَهُمْ بِاللَّيْلِ وَالنَّهَارِ سِرًّا وَّعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ (البقرة 275)

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു; ഖൈബർ യുദ്ധത്തെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. ഇനി ഖൈബറിലെ മറ്റൊരു കോട്ട കീഴടക്കിയ സംഭംരിക്കുന്നതാണ്.

ഈ രണ്ടാമത്തെ കോട്ട സഅബ് ബ്നു മആദ് കോട്ട എന്നാണറിയപ്പെടുന്നത്. ഈ കോട്ടയിൽ ഖൈബറിലെ മറ്റു കോട്ടകളെ അപേക്ഷിച്ച് ഭക്ഷണസാധനങ്ങളും മൃഗങ്ങളും മറ്റു സാധനസാമഗ്രികളും കൂടുതലുണ്ടായിരുന്നു. അതിൽ അഞ്ഞൂറ് യോദ്ധാക്കളും താമസിച്ചിരുന്നു. മുസ്‌ലിംകൾ ഈ കോട്ട ഉപരോധിച്ചു എങ്കിലും വിജയിക്കാനായില്ല. സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ മുന്നിൽ വിശപ്പിന്റെ കാഠിന്യത്തെക്കുറിച്ചു പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു; ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം നിങ്ങൾക്കു ശക്തി പകരാനായി എന്റെ കയ്യിൽ യാതൊന്നുമില്ല. അനന്തരം ദുആ ചെയ്തു, അല്ലാഹുവേ ഭക്ഷണവും കൊഴുപ്പും നിറഞ്ഞ ഈ കോട്ട നീ അവർക്ക് കീഴടക്കിക്കൊടുക്കേണമേ. അതേതുടർന്ന് ഏതാനും യഹൂദികളും മുസ്ലിംകളും തമ്മിൽ ദ്വന്ദയുദ്ധം നടത്തി. അതിൽ ഒരു സ്വഹാബി ഒരു യഹൂദിയുടെ തലയിൽ ആഴത്തിൽ മുറിവേൽപ്പിച്ചുകൊണ്ട് സ്വന്തം സമുദായത്തിന്റെ പേരിൽ അഭിമാനിച്ചുകൊണ്ടുള്ള മുദ്രാവാക്യം മുഴക്കി. അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു, അയാളുടെ ജിഹാദ് വ്യർഥമായിപ്പോയി.

അതായത് സമൂദായത്തിന്റെ പേരിൽ മുദ്രാവാക്യം മുഴക്കിയതിലൂടെ അഹങ്കരിക്കുകയും തന്റെ വലിപ്പത്തം കാണിക്കുകയും ചെയ്തത് ശരിയായില്ല എന്ന അർത്ഥത്തിൽ. ഇക്കാര്യം നബി(സ)തിരുമേനി അറിഞ്ഞപ്പോൾ പറഞ്ഞു; ഒരു കുഴപ്പവുമില്ല അദ്ദേഹത്തിന് അതിന്റെ പ്രതിഫലം ലഭിക്കുകയും അദ്ദേഹം പ്രശംസിക്കപ്പെടുകയും ചെയ്യുന്നതാണ്. അതായത്ത് ഇത്തരം സന്ദർഭങ്ങളിൽ ആരെങ്കിലും അങ്ങനെ പറഞ്ഞുപോയിട്ടുണ്ടെങ്കിൽ തെറ്റൊന്നുമില്ല.

ഹദ്റത്ത് മുഹമ്മദുബ്നു മസ്‌ലമ വിവരിക്കുന്നു; നബി(സ)തിരുമേനി അമ്പെയ്യുന്നത് ഞാൻ കണ്ടു. തിരുമേനിയുടെ ഒരമ്പുപോലും ലക്ഷ്യം തെറ്റിയില്ല. തിരുമേനി എന്നെ നോക്കി പുഞ്ചരിക്കുകയുണ്ടായി.

ഹദ്റത്ത് ഹുബ്ബാബ്നു മുൻദർ തന്റെ കൂടെയുണ്ടായിരുന്ന യുവാക്കളെയുംകൂട്ടി കോട്ടക്കകത്തുപ്രവേശിച്ചു ശക്തമായി യുദ്ധം ചെയ്തു. ഒടുവിൽ അത് കീഴടക്കി. ധാന്യം പിടച്ചടക്കി. നബി(സ)തിരുമേനിയുടെ വിളംബരം ചെയ്യുന്നയാൾ ഈങ്ങനെ വിളംബരം ചെയ്തു. നിങ്ങൾ സ്വയം ഭക്ഷിച്ചുകൊള്ളുക നിങ്ങളുടെ മൃഗങ്ങൾക്കും നൽകിക്കൊള്ളുക. ഒന്നും എടുത്തുകൊണ്ടുപോകരുത്.

ഇതിനു ശേഷം മൂന്നാമത്തെ കോട്ടയായ സുബൈർ കോട്ട പിടിച്ചടക്കിയ വിവരണമാണ്. യഹൂദികൾ സുഅബ് നാഇം എന്നീ കോട്ടകളിൽനിന്നും ഇറങ്ങി സുബൈർ കോട്ടയിലേക്ക് ഓടിയപ്പോൾ നബി(സ)തിരുമേനി അത് ഉപരോധിച്ചു. പർവ്വതശിഖരത്തിലായിരുന്നു ആ കോട്ട. മൂന്നു ദിവസത്തോളം ആ കോട്ട ഉപരോധിച്ചെങ്കിലും വിജയിക്കാനായില്ല. ഒരു യഹൂദി മുന്നോട്ടു വന്ന് സംരക്ഷണം നൽകണമെന്ന നിബന്ധനയിൽ പറഞ്ഞു; താങ്കൾ ഇത്തരത്തിൽ ഒരു മാസത്തോളം ഉപരോധിച്ചാലും അവർക്കൊന്നും സംഭവിക്കാനില്ല. അവരുടെ ഭൂമിക്കടിയിൽ തുരങ്കങ്ങളുണ്ട് രാത്രി സമയങ്ങളിൽ അവർ പുറത്തുവന്ന് വെള്ളം കൊണ്ടുവരികയും പിന്നീട് അവരവരുടെ കോട്ടകളിലേക്ക് പോകുകയും ചെയ്യുന്നു. താങ്കൾ അവരുടെ വെള്ളത്തിനുള്ള മാർഗ്ഗം വിച്ഛേദിക്കുകയാണെങ്കിൽ അവർ കീഴടങ്ങുന്നതാണ്. അങ്ങനെ നബി(സ) തിരുമേനി അവരുടെ വെള്ളത്തിന്റെ മാർഗ്ഗം തടഞ്ഞു. വെള്ളത്തിനുള്ള മാർഗ്ഗം വിച്ഛേദിക്കപ്പെട്ടപ്പോൾ അവർ പുറത്തിറങ്ങി ശക്തമായ യുദ്ധമാരംഭിച്ചു. അന്നേ ദിവസം മുസ്ലിംകളിൽ ഏതാനും സ്വഹാബാക്കൾ ശഹീദായി. യഹൂദികളുടെ പത്താളുകൾ വധിക്കപ്പെടുകയും നബി(സ) തിരുമേനി വിജയം കൈവരിക്കുയും ചെയ്തു. അതിനു ശേഷം നബി(സ) ശിഖ്ഖിലെ കോട്ടയിലേക്ക് തിരിഞ്ഞു.

ഇവിടെ യഹൂദികളുടെ നേതാവാ മിഷ്കം വധിക്കപ്പെട്ട സംഭവവുമുണ്ട്. ചരിത്രത്തിൽ വരുന്നത്,

അയാൾ രോഗിയായിരുന്ന കാരണത്താൽ പ്രത്യക്ഷത്തിൽ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. അയാളുടെ കൂടെയുള്ളവർ മറ്റെവിടേക്കെങ്കിലും മാറിനിൽക്കാൻ അഭിപ്രായപ്പെട്ടുവെങ്കിലും അതംഗീകരിച്ചില്ല. ഒടുവിൽ അയാൾ മുസ്ലിംകളുടെ കൈകളാൽ വധിക്കപ്പെട്ടു. ഹുസൂർ പറയുന്നു; അഥവാ ഈ അസുഖത്തിന്റെ സംഭവം യഥാർത്ഥമാമെങ്കിലും അയാൾ പ്രത്യക്ഷത്തിൽ യുദ്ധം ചെയ്തില്ലായെങ്കിലും അയാളുടെ വധത്തിൽ ആക്ഷേപത്തിനു വകയില്ല. കാരണം സൈന്യത്തെ യുദ്ധത്തിനു തയ്യാറാക്കി അയച്ചതും അയാളായിരുന്നു അതിനാൽ അതിന്റെ മേൽനോട്ടം സ്വയം വഹിച്ചിട്ടുണ്ടാകും. അങ്ങനെ യുദ്ധത്തിന്റെ സാഹചര്യത്തിൽ ഏതോ സ്വഹാബി കൂട്ടത്തിൽ അയാളെയും വധിച്ചു. ഒരു സൈന്യത്തിന്റെ നേതാവിന് വലിയ പ്രാധാന്യമാണുള്ളത്. നേതാവിന്റെ മരണത്തോടെ സൈന്യത്തിന്റെ ധൈര്യം ചോർന്നുപോകും അതുകൊണ്ട് അയാളുടെ വധത്തിൽ ആക്ഷേപത്തിന് ഒരു സ്ഥാനവുമില്ല.

ശിഖ് എന്നത് രണ്ടു കോട്ടകളുടെ സമുച്ചയമായിരുന്നു. ഏറ്റവുമാദ്യം അവിടന്ന് ഉബൈ കോട്ടയിലേക്കാണ് തിരിഞ്ഞത്. മറ്റൊരു മലയുടെ മുകളിൽ കയറി അവിടന്ന കോട്ടയിലുള്ളവരമായി യുദ്ധമാരംഭിച്ചു. തുടക്കത്തിൽ ദ്വന്ദയുദ്ധങ്ങൾ നടന്നു. മുസ്ലിംകളുടെ ഭാഗത്തുനിന്നും ഹദ്റത്ത് ഹബ്ബാബുബ്നു മുൻസിറും ജഹ്ശുകാരുടെ ഭാഗത്തുനിന്നും ഒരാളും അബൂദുജാന (റ)യും യുദ്ധം ചെയ്തു. ദ്വന്ദയുദ്ധത്തിൽ മുസ്ലിംകൾ വിജയിച്ചപ്പോൾ യഹൂദികൾ പിൻവാങ്ങി. മുസ്ലിംകൾ മുന്നോട്ടു കുതിച്ചു കോട്ട ആക്രമിച്ചു. യഹൂദികൾ മുസ്ലിംകൾക്കുമേൽ ശക്തമായ അമ്പാക്രമണം നടത്തി. മുസ്ലിംകൾ തിരിച്ചും അമ്പെയ്തു. എന്നാൽ യഹൂദികൾ ഗോപുരങ്ങളിൽ നിന്നും മുസ്ലിംകൾക്കു നേരെ ശരവർഷം നടത്തിക്കൊണ്ടിരുന്നു. ആ ആക്രമണത്തിൽ മുസ്ലിംകൾക്ക് നഷ്ടം സംഭവിച്ചു. പ്രത്യേകിച്ചും നബി(സ) തിരുമേനി തമ്പടിച്ചിരുന്ന അതേ സ്ഥലം ലക്ഷ്യംവച്ച് ആക്രമണം നടത്താനായിരുന്നു അവരുടെ ഉദ്ദേശ്യം എന്നു മനസ്സിലാകുന്നു. നബി(സ) സ്വഹാബാക്കൾക്കിടയിലായിരുന്നപ്പോൾ ഒരമ്പു വന്ന് തിരുമേനിയുടെ വസ്ത്രത്തിൽ തറച്ചു. ആ അമ്പേറ്റ് തിരുമേനിക്ക് മുറിവു പറ്റി എന്നും ഒരു നിവേദനത്തിലുണ്ട്. അപ്പോൾ അവിടന്ന് ഒരു പിടി ചരൽ വാരി അവർക്കു നേരെ എറിഞ്ഞു. അവരുടെ കോട്ട വിറക്കാൻ തുടങ്ങി ഒടുവിൽ മുസ്ലിംകൾ യഹൂദികളെ പിടികൂടി.

അതിനു ശേഷം മറ്റുമൂന്നു കോട്ടകളും മുസ്ലിംകൾ ഉപരോധിച്ചു ജയിച്ചടക്കി. അവയിൽ ഖാമൂസ് കോട്ട ഏറ്റവും ശക്തമായ കോട്ടയായിരുന്നു. നബി(സ) തിരുമേനി അതിനെ പതിനാലു ദിവസത്തോളം ഉപരോധത്തിലാക്കി. അതിനു ശേഷം യഹൂദികൾക്കു നേരെ പീരങ്കി പ്രയോഗിക്കാൻ തീരുമാനിച്ചു. യഹൂദികൾക്ക് അവരുടെ നാശം ഉറപ്പായി. അങ്ങനെ അവർ നബി(സ)യോട് രഞ്ജിപ്പിന് അഭ്യർത്ഥിച്ചു. യഹൂദികളുടെ ഈ ആവശ്യ പ്രാകാരം മുസ്ലിംകളുമായി ആയുധം താഴെയിടാനുള്ള സന്ധിയുണ്ടായി. ഈ സന്ധിയിലൂടെ നബി(സ)തിരുമേനി യഹൂദികളോട് വളരെ മൃദുലമായിട്ടാണ് പെരുമാറിയത്. സഹീഹ് ബുഖാരിയിലെ നിവേദനപ്രകാരം നബി(സ)തിരുമേനി ഖൈബർ യഹൂദികൾക്ക് കൃഷിയും മറ്റു ജോലികളും ചെയ്യാനായി നൽകി. അതിൽനിന്നും ലഭിക്കുന്നതിന്റെ പകുതി അവർക്കുള്ളതായിരുന്നു. ഖൈബറിൽ പതിനേഴ് സ്വഹാബാക്കൾ ശഹീദായി.

ചരിത്ര, ജീവചരിത്ര ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു; ഖൈബർ വിജയത്തെ തുടർന്ന് മുസ്ലികളും യഹൂദികളും തമ്മിൽ ഉടമ്പടി ഉണ്ടായപ്പോൾ ആളുകൾ കിനാനയെയും സഹോദരൻ റബീഇനെയും നബി(സ)തിരുമേനിയുടെ മുന്നിൽ കൊണ്ടുവന്നു. കിനാന മുഴുവൻ ഖൈബറിന്റെയും തലവനായിരുന്നു. ഹദ്റത്ത് സഫിയ(റ)യുടെ കുടുംബത്തിൽപ്പെട്ടതായിരുന്നു. റബീഅ് അയാളുടെ പിതൃസഹോദര പുത്രനുമായിരുന്നു.കിനാനയുടെ പക്കൽ യഹൂദി ഗോത്രമായ ബനൂനദീറിന്റെ നേതാവാ ഹുയ്യിബിൻ അഖ്തബ് ന്റെ ഖജനാവ് ഉണ്ടായിരുന്നു. അതിൽ സ്വർണ്ണവും വെള്ളിയും മറ്റ് ആഭരണങ്ങളും ഉണ്ടായിരുന്നു. അവരിരുവരോടും നബി(സ)തിരുമേനി ആ ഖജനാവിനെക്കുറിച്ച് ചോദിച്ചപ്പോൾ ഇരുവരും നിഷേധിച്ചു. നബി(സ)പറഞ്ഞു; നിങ്ങൾ രണ്ടുപേരും എന്നിൽനിന്ന് എന്തെങ്കിലും മറച്ചു വയ്ക്കുകയും പിന്നീട് അത് വെളിവാകുകയും ചെയ്താൽ പിന്നെ അല്ലാഹുവിനും അവന്റെ റസൂലിനും നിങ്ങളിൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടാകുന്നതല്ല. ചരിത്ര,ജീവചരിത്ര ഗ്രന്ഥങ്ങളിലെ വിവരണമനുസരിച്ച് നബി(സ)തിരുമേനി ഒരു സ്വഹാബിക്ക് ചില അടയാളങ്ങൾ പറഞ്ഞുകൊടുത്ത് അയക്കുകയുണ്ടായി .ആ സ്വഹാബി ഖജനാവ് കൊണ്ടുവരികയും ചെയ്തു. അതിന്റെ മൂല്യം പതിനായിരം ദിർഹം ആണെന്ന് കണക്കാക്കുകയുണ്ടായി. പിന്നീട് കിനാനയെയും റബീഇനെയും വധിക്കുകയുണ്ടായി. ചില നിവേദനങ്ങളനുസരിച്ച് കിനാനയെ ലെൻസ് ഉപയോഗിച്ച് കരിച്ചുകളയുകയുണ്ടായി.

ഹുസൂർ അൻവർ ഈ സംഭവവുമായി ബന്ധപ്പെട്ടി വിവിധ നിവേദനങ്ങൾ വിവരിച്ചതിനു ശേഷം അതിനെ മൊത്തത്തിൽ വിശകലനം ചെയ്യുകയും ഈ സംഭവത്തെ അടിസ്ഥാനരഹിതവും റസൂൽ(സ)ന്റെ കാരുണ്യത്തിന് വിരുദ്ധവുമാണെന്ന് സ്ഥാപിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു; ഇവിടെയും ആക്ഷേപകർ ഇസ്ലാമിനും നബി(സ)തിരുമേനിയുടെ അനുഗ്രഹീത അസ്തിത്വത്തിനും മേലാണ്

ആക്ഷേപമുന്നയിക്കുന്നത്. അതായത് അദ്ദേഹത്തിന് സ്വത്തിനും സമ്പത്തിനുമുള്ള അത്യാഗ്രഹമായിരുന്നു എന്നെല്ലാം. കൂടാതെ അവിടന്ന് നഊദുബില്ലാഹ് എത്തരത്തിലുള്ള അക്രമ നടപടികളാണ് സ്വീക രിച്ചിരുന്നത് എന്നും സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. നബി(സ)തിരുമേനിയുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. അദ്ദേഹം യുദ്ധത്തിനു മുൻപായി കർശന നിർദ്ദേശംനൽകിയിരുന്നു, കുട്ടുകളെയും സ്ത്രീകളെയും വധിക്കരുത്, ഒരുവൃക്ഷം പോലും അനാവശ്യമായി മുറിക്കരുത്. മൃഗങ്ങൾ പോലും പ്രയാസമനുഭവിക്കുന്നത് കണ്ടുസഹിക്കാൻ കഴി യാത്ത വ്യക്തിക്ക് മനുഷ്യരെ ദ്രോഹിക്കാൻ എങ്ങനെ സാധിക്കും?.അതുപോലെതന്നെ ഗനീമത്തു മാലി നു(സമരാർജ്ജിത സ്വത്ത്) വേണ്ടി യുദ്ധം ചെയ്തു എന്ന ആക്ഷേപവും അടിമുടി അടിസ്ഥാനരഹിത മാണ്. ഖൈബർ യുദ്ധത്തിനായി പുറപ്പെടുമ്പോൾ തന്നെ നബി(സ)തിരുമേനി വിളംബരം ചെയ്തിരു ന്നു, സ്വത്തും സമ്പത്തിന്റെ അത്യാർത്തി കാരണം ആരെങ്കിലും യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹി ക്കുന്നുവെങ്കിൽ അവർ എന്റെ കൂടെ വരരുത്. ഈ മാതൃക കാണിച്ച ഒരു നബിയെക്കുറിച്ച് ഇത്തരം നിവേദനങ്ങൾ കാണുകയാണെങ്കിൽ അതിനെ ശ്ര ദ്ധാപൂർവ്വം പരിശോധിക്കുകയും താരതമ്യ പഠന ത്തിനു വിധേയമാക്കുകയും ചെയ്യുക എന്നതാണ് നീതി. നീതി നിഷ്ഠയുടെ പ്രതിരൂപമായിരുന്ന അദ്ദേ ഹത്തെക്കുറിച്ച് ഇത്തരം ആക്ഷേപം ഉന്നയിക്കുക എന്നത് യാതൊരു വിധേനയും നീതിയുക്തമല്ല.

ഹുസൂർ അൻവർ പാശ്ചാത്യരായ ആക്ഷേപകരുടെ ആക്ഷേപങ്ങളെ, നിവേദനങ്ങളുടെ അഭ്യന്തര സാ ക്ഷ്യങ്ങളെ അവലംബമാക്കിക്കൊണ്ട് വിശകലനം ചെയ്യുകയുണ്ടായി. ആ നിവേദനങ്ങൾ അടിസ്ഥാ നരഹിതങ്ങളാണെന്ന് സ്ഥാപിക്കുകയും ചെയ്തു. അല്ലാമാ ശിബ് ലി നുഅ്മാനി ഈ നിവേദനത്തെ തികച്ചും തെറ്റാണെന്ന് അംഗീകരിച്ചിരിക്കുന്നു. അതുപോലെതന്നെ കിനാനയെ വധിക്കാനുള്ള കാ രണമായി പറയുന്നത്, അയാൾ മഹ്മൂദ്ബ്നു മസ്ലമ യെ വധിച്ചിരുന്നു എന്നതാണ്. മാത്രമല്ല നബി(സ) തിരുമേനിയുടെ നിർദ്ദേശപ്രകാരം മുഹമ്മദുബ്നു മസ്ലമ തന്റെ സഹോദരൻ മഹ്മൂദിന്റെ വധത്തിനുള്ള പ്രതിക്രിയ യെന്നോണമാണ് കിനാനയെ വധിച്ചത്.

ഇക്കാലഘട്ടത്തിലെ ഒരു അഹ്മദി എഴുത്തുകാരൻ സയ്യിദ് ബർക്കാത്ത് അഹ്മദ് സാഹിബ് അദ്ദേഹ ത്തിന്റെ 'നബി(സ)തിരുമേനിയും ഹിജാസിലെ ജൂ തന്മാരും' പുസ്തകത്തിൽ എഴുതിയിരിക്കുന്നത്, ഇബ്ന ഇസ്ഹാഖ് യൊതൊരു സനദും കൂടാതെ യാണ് ഈ സംഭവം വിവരിച്ചിരിക്കുന്നത് എന്നാണ്. പിന്നെ ശിക്ഷിച്ച രീതി, തീ കൊണ്ട് ശിക്ഷിക്കുക എന്നത് ഇസ്ലാമിക അദ്ധ്യാപനത്തിന് വിരുദ്ധമാണ്. രണ്ടാമത്തെ കാര്യം ഖൈബറിലെ സ്വത്ത് വിതരണ ത്തിൽ എവിടെയും ആ ഖജനാവിനെക്കുറിച്ച ഒരു നിവേദനത്തിലും പരാമർശമില്ല. അതുപോലെ ഈ ഖജനാവ് ബൈത്തുൽമാലിൽ ഉൾപ്പെടുത്തിയതാ യുള്ള ഒരു നിവേദനംപോലുമില്ല.

ഹുസൂർ അൻവർ പറഞ്ഞു; ഇതാണ് യാഥാർത്ഥ്യം. ഈ സംഭവം അങ്ങനെ തുടരുന്നു.ഈ സംഭവങ്ങളി ൽത്തന്നെ ഒരു യഹൂദി സ്ത്രീ നബി(സ)തിരുമേനി ക്ക് വിഷം നൽകാൻ ശ്രമിച്ചതും ഗൂഢാസൂത്രണം നടത്തിയതുമായ സംവവും ഉൾപ്പെടുന്നു. അല്ലാഹു അതിൽനിന്നെല്ലാം നബി(സ)തിരുമേനിയെ സംരക്ഷി ക്കുകയുണ്ടായി. ഇത് സുധീർഘമായ സംഭവമാണ്. അത് പിന്നീട് വിവരിക്കുന്നതാണ ഇൻശാഅല്ലാഹ്.

ഖുതബയുടെ അവസാനത്തിൽ ഹുസൂർ ബഹു മാനപ്പെട്ട ശരീഫ് അഹ്മദ് സാഹിബ് കാഹ്ലോന്റെ മകനായ മാസ്റ്റർ മൻസൂർ അഹ്മദ് സാഹിബ് കാ ഹ്ലോൻ ഓഫ് ആസ്ട്രേലിയയെ അനുസ്മരിക്കു കയും അദ്ദേഹത്തിന്റെ ജനാസാ ഗാഇബ് നമസ് കരപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. മഗ്ഫിറത്തിനും ദർജകളുടെ ഉയർച്ചക്കും വേണ്ടി ദുആ ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 14-02-2025
Malayalam Translation: **Moulavi Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516